**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2000** **16-03-2022 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന കെ-ഫോൺ പദ്ധതിയുടെ ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ ഏതാണെന്ന് അറിയിക്കുമോ; | (എ) | കേന്ദ്ര പൊതുമേഖല സ്ഥാപനമായ പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡിൽ നിന്നും ലഭ്യമാക്കുന്ന 1 gbps ബാൻഡ് വിഡ്ത്ത് ഉപയോഗിച്ചാണ് നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഇന്റർനെറ്റ് കണക്ഷൻ നൽകി വരുന്നത്. കൂടുതൽ ബാൻഡ് വിഡ്ത്ത് ആവശ്യമായി വരുന്ന സാഹചര്യത്തിൽ ടെൻഡർ നടപടിക്രമത്തിലൂടെ സർവീസ് പ്രൊവൈഡർമാരെ തിരഞ്ഞെടുക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് കെ-ഫോൺ മുഖേന എത്ര സർക്കാർ ഓഫീസുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ മൂവായിരത്തോളം ഓഫീസുകൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ കെ-ഫോൺ പദ്ധതി മുഖേന കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | കെ-ഫോൺ പദ്ധതി മുഖേന എം.എൽ.എ. മാരുടെ ഓഫീസുകളിൽ ഇന്റർനെറ്റ് സംവിധാനം നടപ്പിലാക്കുമോ; അറിയിക്കാമോ? | (സി) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ